# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/376/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 25/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/376/2022 തീയ്യതി: 25/07/2022

## കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-09-2019 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. അമ്പിളി ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രാജശ്രീ സി.ആർ, ഓഡിറ്റർ
ശ്രീമതി. ഹർഷ എൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രീത മാത്തുക്കുട്ടി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 01-11-2020 | 15-12-2020 |
| ശ്രീ. ഡി. സജയകുമാർ | പ്രസിഡന്റ് | 16-12-2020 | 31-03-2021 |
| ശ്രീ. സുജിത്ത് കുമാർ | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ. എം.ജ്യോതി രാജ് | സെക്രട്ടറി | 16-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രമേഷ് കുമാർ. പി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ഡാരോൺ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സന്തോഷ് കുമാർ കെ.ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി. സോണിയ. റ്റി.എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സുധീഷ് കുമാർ. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. മഞ്ജു. എസ് | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ലിസ്സിക്കുട്ടി ജോർജ്ജ് | എച്ച്. എം | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷീജ. പി | ഐ. സി. ഡി. എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. രശ്മി. എം.റ്റി | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. അനീഷ്. ആർ. ചന്ദ്രൻ | വി. ഇ. ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. അഞ്ജു. എം | വി. ഇ. ഒ | 01-04-2020 | 31-03-2021 |
| ശ്രീ. ജോഷിൻ ജോസ് | അക്രെഡിറ്റഡ് എഞ്ചിനീയർ , എം.ജി.എൻ,ആർ. ഇ.ജി.എസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: G.Ambili (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Harsha L (Auditor, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Harsha L (Auditor, On 26-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-7 |
| 9 | മരിച്ചുപോയ/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു.<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-7-1 |
| 10 | മരണമടഞ്ഞ ഗുണഭോക്താക്കൾക്ക് നേരിട്ട് പെൻഷൻ നൽകിയതായി കാണിച്ച് തുക അപഹരിച്ചു<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-7-2 |
| 11 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റി.<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-7-3 |
| 12 | ക്യാഷ് പരിശോധന<br>Written By: G.Ambili (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Harsha L (Auditor, On 26-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Harsha L (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-10 |
| 15 | IOB പെൻഷൻ അക്കൗണ്ടിന്റെ ബാലൻസ് തുക ബാങ്ക് കണ്ടുകെട്ടി.<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-11 |
| 16 | ചട്ട പ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല.<br>Written By: Harsha L (Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-12 |
| 17 | യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങൾ നാളിതുവരെയും ക്രമവൽക്കരിച്ചില്ല. | 1-13 |

| | | |
|---|---|---|
| | Written By: Rajasree.C.R (Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | |
| 18 | റോഡു പ്രവൃത്തികൾ പൂർണ്ണമായും ചെയ്യാതെ കുറഞ്ഞ റീച്ചുകൾ മാത്രം ചെയ്യുന്നു.<br>Written By: Ranjith Kumar G (Audit Officer (HG), On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-14 |
| 19 | തരിശ് നെൽകൃഷി സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Judith Varghese (Senior Grade Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-15 |
| 20 | ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Judith Varghese (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-16 |
| 21 | തുക മുൻകൂർ അടച്ചിട്ടും നാളിതുവരെയും ലാപ്ടോപ്പ് ലഭ്യമായില്ല.<br>Written By: Rajasree.C.R (Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-17 |
| 22 | ഒരേ തൊഴിലാളിക്ക് ഒരേ ദിവസം രണ്ട് വേതനം.<br>Written By: Ranjith Kumar G (Audit Officer (HG), On 27-02-2022)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 23-07-2022) | 1-18 |
| 23 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-03-2022)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 23-07-2022) | 1-19 |
| 24 | ജില്ലാ ആസൂത്രണസമിതി മന്ദിര നിർമ്മാണം രണ്ടാം ഘട്ടം തുക ഒടുക്കൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-20 |
| 25 | സ്ട്രീറ്റ് ലൈറ്റ് പരിപാലനം - വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചതിന്റെ കൃത്യമായ രേഖകൾ ലഭ്യമല്ല.<br>Written By: G.Ambili (Senior Grade Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-21 |
| 26 | ഹോമിയോ ആശുപത്രി വൈദ്യുതീകരണം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-22 |
| 27 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: Rajasree.C.R (Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-23 |
| 28 | കാലി തൊഴുത്ത് നിർമ്മാണം - തൊഴിലുറപ്പ് പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവർക്ക് തന്നെ വീണ്ടും ആനുകൂല്യം നൽകി.<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 23-07-2022) | 1-24 |
| 29 | മാട്ടിറച്ചി വ്യാപാരം – കച്ചേഷൻ നടപടികൾ സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം.<br>Written By: Harsha L (Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒരേ തൊഴിലാളിക്ക് ഒരേ ദിവസം രണ്ട് വേതനം.<br>Written By: Ranjith Kumar G (Audit Officer (HG), On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 3-1 |
| 2 | കാലി തൊഴുത്ത് നിർമ്മാണം- തൊഴിലുറപ്പ് പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവർക്ക് തന്നെ വീണ്ടും ആനുകൂല്യം നൽകി.<br>Written By: G.Ambili (Senior Grade Auditor, On 04-03-2022)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 25-07-2022) | 3-2 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Harsha L (Auditor, On 12-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Harsha L (Auditor, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Harsha L (Auditor, On 12-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Harsha L (Auditor, On 12-02-2022)<br>Last Updated By: Harsha L (Auditor, On 13-02-2022) | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Harsha L (Auditor, On 13-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Harsha L (Auditor, On 13-02-2022)<br>Last Updated By: Harsha L (Auditor, On 13-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Harsha L (Auditor, On 13-02-2022)<br>Last Updated By: Harsha L (Auditor, On 13-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Harsha L (Auditor, On 13-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം<br>Written By: Harsha L (Auditor, On 13-02-2022)<br>Last Updated By: Harsha L (Auditor, On 13-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Harsha L (Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Harsha L (Auditor, On 13-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.03.20 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.02.21 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 29.07.20 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. തൊഴിലുറപ്പ് പദ്ധതിയുടെ ഇ.എഫ്.എം.എസ് വഴിയുള്ള ആകെ ചെലവ് വാർഷികകണക്കുകൾ പ്രകാരം ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിന്റെ വരവു ചെലവു കണക്കുകൾ വ്യത്യസ്തമാണ്.

I 6 – 6,72,66,560/-രൂപ

I14(D) - 6,38,29,648/-രൂപ.
വ്യത്യാസം വന്ന 34,36,912/-രൂപയുടെ ആസ്തി വിവരങ്ങൾ ലഭ്യമല്ല.

2. മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് സോഴ്സ് ഡിഡക്ഷൻ വന്ന തുക ജി.ഓ പ്രോജക്ടായി ഉൾപ്പെടുത്തി സുലേഖയിൽ ചെലവു കാണിച്ചിട്ടില്ല. ആയതിനാൽ എ.സി.ആറും വാർഷികകണക്കുകളും സുലേഖ സ്റ്റേറ്റ്മെന്റിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

3. Capital Work In Progress ആയി ചേർത്തിരിക്കുന്ന 4,31,769/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

4. ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുക വാർഷികകണക്കുകൾ പ്രകാരം 29,126/-രൂപയും സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം 17,844/-രൂപയും ആണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,70,69,464/- രൂപ |
| വരവ് | 12,08,08,500/- രൂപ |
| ആകെ | 14,78,77,964/- രൂപ |
| ചെലവ് | 12,17,29,386/- രൂപ |
| നീക്കിയിരിപ്പ് | 26148,578/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | – |
| ചെലവിനങ്ങളിലുള്ള നഷ്ടം | 2,09,380/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,65,046/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക(രൂപ) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,62,53,567/- | 2,62,53,567/- | 2,62,52,995/- | 572/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,55,79,037/- | 1,55,79,037/- | 1,54,29,090/- | 1,49,947/- | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 2,30,14,268/- | 2,30,14,268/- | 1,30,65,798/- | 99,48,470/- | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻഗ്രാന്റ് (Tied) | 0 | 94,20,000/- | 94,20,000/- | 7,62,249/- | 86,57,751/- | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 72,62,000/- | 72,62,000/- | 72,60,104/- | 1,896/- | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 68,14,000/- | 68,14,000/- | 63,07,934/- | 5,06,066/- | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വമിഷൻ | 0 | 4,20,000/- | 4,20,000/- | 4,20,000/- | - | |
| MNREGS | 61,807/- | 18,27,948/- | 18,89,755/- | 18,82,775/- | 6,980/- | |
| SSA | 13,513/- | 411/- | 13,924/- | - | 13,924/- | |
| സാക്ഷരത | 1,77,920/- | 5,408/- | 1,83,328/- | - | 1,83,328/- | |
| SSA | 0 | 45,00,000/- | 45,00,000/- | 45,00,000/- | - | |
| ബഡ്സ് സ്കൂൾ | 0 | 2,00,000/- | 2,00,000/- | - | 2,00,000/- | |
| ബഡ്സ് സ്കൂൾ ഫണ്ട് | 12,50,000/- | - | 12,50,000/- | 12,50,000/- | - | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 14,12,812/- | 12,44,832/- | 26,57,644/- | 10,00,000/- | 16,57,644/- | |
| TSC | 20,57,405/- | 34,27,596/- | 54,85,001/- | 14,66,419/- | 40,18,582/- | |
| ആശ്രയ | 10,11,882/- | - | 10,11,882/- | 10,11,882/- | - | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 308 | 28,70,72,546/- | 146 | 9,84,88,718/- | 99 | 63 | 47.40% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(രൂപ) | വരവ് (രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 61,807/- | 18,27,948/- | 18,89,755/- | 18,82,775/- | 6,980/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 6,19,46,873/- | 6,19,46,873/- | 6,19,46,873/- | - |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,21,200/- | 81 |
| കർഷകതൊഴിലാളി പെൻഷൻ | 98,32,300/- | 4641 |
| വിധവാപെൻഷൻ | 3,15,76,700/- | 15644 |
| വാർദ്ധക്യകാലപെൻഷൻ | 5,07,42,100/- | 26674 |
| വികലാംഗപെൻഷൻ | 1,07,58,600/- | 4967 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 5,84,900/- | 316 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 2,10,000/- | 7 |

1-7-1 മരിച്ചുപോയ/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു.

2020-21 വർഷം വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിൽ പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വെട്ടിക്കവല ഗ്രാമപഞ്ചായത്ത് പരിധിയിൽ പെൻഷൻ കൈപ്പറ്റിയിരുന്നവർ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | വിക്രമൻപിള്ള | വികലാംഗപെൻഷൻ | 103280400232 | 1-11-20 | 11/20-12-20 | 2,800/- |
| 2 | ജമീല | വാർദ്ധക്യകാല പെൻഷൻ | 103180201115 | 28-9-20 | 10/20-11-20 | 2,800/- |
| 3 | ചന്ദ്രശേഖരൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 103270200400 | 23-7-20 | 8/20-6-21 | 16,800/- |
| 4 | കുട്ടി | വാർദ്ധക്യകാല പെൻഷൻ | 103180201689 | 21-6-20 | 7/20-1-22 | 11,400/- |
| 5 | പഞ്ചമി | കർഷക തൊഴിലാളി പെൻഷൻ | 103180601096 | 12-5-20 | 6/20-1-22 | 12,000/- |
| 6 | വസന്തകുമാരി | വിധവാ പെൻഷൻ | 103180601678 | 19-4-20 | 5/20-1-22 | 31,300/- |
| 7 | വത്സലകുമാരി | വാർദ്ധക്യകാല പെൻഷന് | 103180203079 | 9-8-20 | 9/20-1-20 | 8,600/- |
| 8 | വിജയകുമാരി | വിധവാ പെൻഷൻ | 103180601499 | 22-2-20 | 3/20-1-22 | 33,800/- |
| 9 | രാജപ്പൻ | വാർദ്ധക്യകാല പെൻഷന് | 103180200381 | 29-1-20 | 2/20-1-22 | 29,500/- |
| 10 | തങ്കമ്മ | വാർദ്ധക്യകാല പെൻഷന് | 103180200214 | 5-3-20 | 4/20-1-22 | 13,200/- |
| 11 | ഭാരതിയമ്മ | വാർദ്ധക്യകാല പെൻഷന് | 103180202421 | 18-9-20 | 10/20-1-22 | 9,600/- |
| 12 | പൊന്നമ്മ | വാർദ്ധക്യകാല പെൻഷന് | 103180200475 | 19-7-20 | 8/20-1-22 | 10,800/- |
| 13 | അച്യുതൻ | കർഷക തൊഴിലാളി പെൻഷൻ | 103180100110 | 27-8-20 | 9/20-12-20 | 5,600/- |
| 14 | ചന്ദ്രശേഖരന് നായർ | കർഷക തൊഴിലാളി പെൻഷൻ | 103180100469 | 12-8-20 | 9/20-1-22 | 10,200/- |
| 15 | ശാമുവൽ | കർഷക തൊഴിലാളി പെൻഷൻ | 103180100342 | 5-8-20 | 9/20-11-20 | 4,200/- |
| | ആകെ | | | | | 2,02,600/- |

ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല. പഞ്ചായത്തിൽ 2020 വർഷം മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും, മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവരായി ഓഡിറ്റ് കണ്ടെത്തിയവരുടെ വിവരങ്ങൾ മാത്രമാണ് മേൽ പരാമർശിച്ചിട്ടുള്ളത്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽവച്ച് മരിച്ചുപോയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

ധനകാര്യ വകുപ്പിന്റെ 5-11-20 ലെ സർക്കുലർ 67/20 പ്രകാരം, മരിച്ചുപോയ ഗുണഭോക്താക്കളെ

സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി വിതരണം നടത്തിയിട്ടുള്ളതായി കണ്ടെത്തിയ 2,02,600/-രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

### 1-7-2 മരണമടഞ്ഞ ഗുണഭോക്താക്കൾക്ക് നേരിട്ട് പെൻഷൻ നൽകിയതായി കാണിച്ച് തുക അപഹരിച്ചു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | സുബൈദാബീവി | വിധവാ പെൻഷൻ | 103180600328 | 24-2-20 | 10/19-4-20 | 4,200/- |
| | ആകെ | | | | | 4,200/- |

24.02.2020 ൽ മരണമടഞ്ഞ ശ്രീമതി. സുബൈദാബീവിയുടെ 10/19 മുതൽ 4/2020 വരെയുള്ള വിധവാ പെൻഷൻ, പെൻഷണറുടെ മരണവിവരം അറിയാതെ ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. പെൻഷണർ മരിച്ചാൽ പെൻഷൻ തുക വിതരണം ചെയ്യാതെ മടക്കി അയയ്ക്കണമെന്നാണ് വ്യവസ്ഥയെങ്കിലും, ടി തുക 4,200/-രൂപ പെൻഷണറുടെ മരണശേഷം, നേരിട്ട് വിതരണം ചെയ്തതായി രേഖപ്പെടുത്തി തുക പിൻവലിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേൽ കൂടുതൽ അന്വേഷണം നടത്തി, നിയമപരമായല്ലാതെ തുക വിതരണം ചെയ്ത വിതരണക്കാരനെതിരെ നടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 1-7-3 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റി.

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ തരം | പെൻഷൻ ഐ.ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക(രൂപ) |
|---|---|---|---|---|---|
| 1 | കുഞ്ഞുകുട്ടി | വാർദ്ധക്യകാല പെൻഷൻ | 103180201309 | 4/15-4/20 | 73,400/- |
| 2 | സൈനബാ ബീവി | വാർദ്ധക്യകാല പെൻഷൻ | 103180201320 | 4/15-9/19 | 61,300/- |
| 3 | തങ്കമ്മ യോഹന്നാൻ | വാർദ്ധക്യകാല പെൻഷൻ | 103180201687 | 8/15-4/20 | 54,400/- |
| 4 | സുശീലാമ്മ | വാർദ്ധക്യകാല പെൻഷൻ | 103180201855 | 11/16-4/20 | 65,300/- |
| 5 | മേരി ജോർജ്ജ് | വാർദ്ധക്യകാല പെൻഷൻ | 103180202452 | 10/16-4/20 | 51,100/- |
| 6 | സുലോചന. ബി | വാർദ്ധക്യകാല പെൻഷൻ | 103180202452 | 10/16-4/20 | 51,100/- |

| | | | | | |
|---|---|---|---|---|---|
| 7 | സുസമ്മ ഫിലിപ്പ് | വാർദ്ധക്യകാല പെൻഷൻ | 103180202522 | 10/16-4/20 | 51,100/- |
| 8 | വിശ്വനാഥൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 103180202556 | 1/17-9/19 | 24,500/- |
| 9 | രാധാമണിയമ്മ | വാർദ്ധക്യകാല പെൻഷൻ | 103180202639 | 1/17-9/19 | 52,100/- |
| 10 | തങ്കമ്മ. കെ | വാർദ്ധക്യകാല പെൻഷൻ | 103180202679 | 4/17-4/19 | 40,000/- |
| 11 | അമ്മിണിക്കുട്ടി | വാർദ്ധക്യകാല പെൻഷൻ | 103180202999 | 4/17-4/19 | 29,700/- |
| 12 | ജെൻസൺ വർഗീസ് | വികലാംഗപെൻഷൻ | 103180400506 | 4/15-4/19 | 71,900/- |
| 13 | ചെല്ലമ്മ | വികലാംഗപെൻഷൻ | 103180400609 | 1/17-4/20 | 48,100/- |
| 14 | പാപ്പൻ ലൂക്കോസ് | വികലാംഗപെൻഷൻ | 103180400572 | 7/16-4/20 | 52,100/- |
| 15 | മേരിക്കുട്ടി | വിധവാ പെൻഷൻ | 103180601156 | 4/15-9/19 | 77,600/- |
| ആകെ | | | | | 8,03,700/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.22 തീയതിയിൽ 3.00pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,008/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ ആധികാരികമാക്കും വിധം വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്

കണക്ടിവിറ്റി പ്ലാൻ കാലികമല്ല.

മത്സര സ്വഭാവത്തിലുള്ള ടെൻഡറുകൾ കുറവായിട്ടാണ് കാണപ്പെട്ടത്. 0.01% , 0.5 % കുറവുകൾ രേഖപ്പെടുത്തിയ ടെൻഡറുകളാണ് ഭൂരിപക്ഷം പ്രവൃത്തികൾക്കും ലഭിച്ചത്. എന്നാൽ ഇ ടെൻഡറുകളിൽ വളരെയധികം മത്സര സ്വഭാവം കാണപ്പെടുന്നു. ആയതിനാൽ മരാമത്ത് പ്രവൃത്തികളിൽ ഇ ടെൻഡർ നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. പ്രവൃത്തികൾക്കായി വയ്ക്കുന്ന കരാർ പത്രങ്ങളിൽ യാതൊരു രേഖപ്പെടുത്തലുകളും വരുത്തുന്നില്ല. ടെക്നിക്കൽ അനുമതിയിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല. സ്പിൽ ഓവർ പ്രോജക്ടുകളിൽ സപ്ലിമെന്ററി കരാർ വയ്ക്കുന്നില്ല. പൂർത്തിയാകുന്ന പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽ വീഴ്ചകൾ ഒഴിവാക്കി, ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.22 - 13.01.22 | 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ | 13.01.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.09.2018 – 15.09.2018 | 2013-14 മുതൽ 2017-18 | 24.10.2018 |

1-11 IOB പെൻഷൻ അക്കൗണ്ടിന്റെ ബാലൻസ് തുക ബാങ്ക് കണ്ടുകെട്ടി.

പെൻഷനു വേണ്ടി ഗ്രാമപഞ്ചായത്ത് ഇൻഡ്യൻ ഓവർസീസ് ബാങ്ക് വെട്ടിക്കവലയിൽ ആരംഭിച്ചിരുന്ന 115501000002029-ാം നമ്പർ അക്കൗണ്ടിൽ ക്രയവിക്രയങ്ങൾ ഇല്ലാതെയിരുന്നതിനാൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അൺക്ലെയിമ്ഡ് ആയി രേഖപ്പെടുത്തി അക്കൗണ്ടിൽ ഉണ്ടായിരുന്ന 42,491/-രൂപ ബാങ്ക് പിടിച്ച് 29-3-21 തീയതിയിൽ അക്കൗണ്ട് ക്ലോസായി. ആയതിന് എതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി തുക തിരികെ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ചട്ട പ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല.

(I) ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുസരിച്ചുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | പേര്/മേൽവിലാസം | വാർഡ്/കെട്ടിട നം: | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടുന്ന തുക(രൂപ) | ഈടാക്കിയ തുക(രൂപ) | ഈടാക്കിയതിൽ കുറവുവന്ന തുക(രൂപ) |
|---|---|---|---|---|---|---|---|
| 1 | ശ്രീ. സജു ജോർജ്ജ്, മുട്ടുകോണത്ത് സുബിൻ നിവാസ്, പനവേലി. പി. ഒ | 17/677,678 | എം.ജി.എൽ ആന്റ് സൺസ് റെഡിമിക്സ് പ്ലാന്റ് | 83 H.P | 1,000/- | 500/- | 500/- |
| 2 | ശ്രീ.മോഹനൻ ആചാരി, വിഷ്ണുമംഗലം, | 2/1010 | വിഷ്ണുമംഗലം ഫ്ലവർമിൽ | 23 H.P | 300/- | 100/- | 200/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | സദാനന്ദപുരം പി.ഒ | | | | | | |
| 3 | രാജു ജോർജ്ജ്, ആർ.ജെ ഭവൻ, തലച്ചിറ | 7/507 | അഞ്ജു സാമിൽ | 40 H.P | 400/- | 250/- | 150/- |
| 4 | ശ്രീ.അശോക് കുമാർ, അശ്വതി, കക്കാട്, പനവേലി | 20/596 | അശോക സാമിൽ | 50 H.P | 500/- | 200/- | 300/- |
| ആകെ: | | | | 1,150/- | | | |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 18, 19 ലെ പട്ടിക III ൽ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുസരിച്ച് ചുമത്താവുന്ന പരമാവധി ഫീസ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതേ നിരക്കിൽ പരമാവധി ഫീസ് പഞ്ചായത്തും ഈടാക്കി വരുന്നു. എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് യന്ത്രത്തിന്റെ കുതിര ശക്തിക്ക് അനുസരിച്ചുള്ള മോട്ടോർ ഫീസ് ഈടാക്കി വിവരം അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(II) റേഷൻ റീട്ടെയിൽ ഡിപ്പോകളും, മാവേലി സ്റ്റോറുകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ സി.എസ്.എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ ടി സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കി. റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം : 5/17.2.22

1-13 യൂനസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങൾ നാളിതുവരെയും ക്രമവൽക്കരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ തലച്ചിറ വാർഡിൽ സ്ഥിതി ചെയ്യുന്ന യൂനസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി നിയമാനുസൃതമല്ലാത്ത കെട്ടിടം എന്ന തരത്തിൽ നമ്പറുകൾ നൽകുകയും നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളതാണ്. 2013-14 മുതൽ 2017-18 വരെയുള്ള നികുതി നിർണ്ണയിച്ച് 24.06.17 ൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. പിന്നീട് ടി കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റങ്ങൾ വരുത്തുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ക്രമവൽക്കരിക്കുന്നതിന് ഉടമസ്ഥൻ 35847/17 നമ്പരായി അപേക്ഷ സമർപ്പിക്കുകയും ആയത് ജില്ലാ ടൌൺ പ്ലാനറെ അറിയിക്കുകയും ചെയ്തിരുന്നു. പ്ലാനിലെ അപാകതകൾ പരിഹരിക്കുന്നതിന് 06.02.2018 തീയതിയിലെ 121/2018/Kdis നമ്പർ കത്ത് പ്രകാരം ടൌൺപ്ലാനർ സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും ചെയ്തു.

ആയതു പ്രകാരം ന്യൂനതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ സഹിതം 23.01.2019 ന് ഉടമസ്ഥൻ അപേക്ഷ നൽകിയിരുന്നു. അപേക്ഷയിൽ ലഭ്യമായ കെട്ടിടപ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽഡിംഗ് ബ്ലോക്ക് നം | വിസ്തീർണ്ണം (ച.മീ) |
|---|---|
| 1 | 603.3 |
| 2 | 6.25 |
| 3 | 1286 |
| 4 | 214.38 |
| 5 | 1200 |
| 6 | 302 |
| 7 | 1258 |
| 8 | 262 |
| 9 | 1221 |
| 10 | 351.22 |
| 11 | 690 |
| Toilet Block | 98 |
| | 7492.15 |

അപാകതകൾ പരിഹരിച്ച് കെട്ടിടങ്ങളുടെ പ്ലാൻ സമർപ്പിച്ചെങ്കിലും ആയതിന്മേൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇതിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നമ്പറുകൾ നൽകിയ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക ഒടുക്കവരുത്തുന്നതിനും സ്ഥാപനത്തിലെ എല്ലാ നിർമ്മാണ പ്രവൃത്തികളും സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ അസി.എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തി ഹാജരാക്കിയ പ്ലാനുമായി പരിശോധിച്ച് 2011 ലെ KPBR നികുതി നിർണ്ണയചട്ടങ്ങൾ പ്രകാരം നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.15/19.02.2022

1-14 റോഡു പ്രവൃത്തികൾ പൂർണ്ണമായും ചെയ്യാതെ കുറഞ്ഞ റീച്ചുകൾ മാത്രം ചെയ്യുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 168 മരാമത്ത് പ്രവൃത്തികളിൽ 13 പദ്ധതികളുടെ അടങ്കൽ തുകയുടെ വകയിരുത്തൽ 1,00,000/-രൂപയിൽ കുറവായിരുന്നു. 64 പ്രവൃത്തികളുടെ അടങ്കൽ തുക 2,00,000/-രൂപയിൽ കുറവും. ഇതുമൂലം 15 മീറ്റർ മുതൽ 70 മീറ്റർ വരെ നീളത്തിൽ മാത്രമേ റോഡു പ്രവൃത്തികൾ നടത്താൻ സാധിക്കുന്നുള്ളൂ. ഒരു റോഡിന്റെ കുറച്ചുഭാഗം മാത്രമേ സഞ്ചാരയോഗ്യമാക്കാൻ കഴിയുന്നുള്ളൂ. വാർഡുതലത്തിൽ ഫണ്ട് വിഭജനം നടത്തുന്നതും ലഭ്യമായ ഫണ്ട് ഫലപ്രദമായി റോഡുകളുടെ പ്രവൃത്തികളിൽ വകയിരുത്താതെ വിവിധ റോഡുകളുടെ ചെറിയ റീച്ചുകൾ കോൺക്രീറ്റ്/ടാർ ചെയ്യുന്നു. ഇതുമൂലം ഒരു റോഡും പൂർണ്ണമായും ഗുണപരമായി പരിവർത്തനപ്പെടുത്താൻ സാധിക്കുന്നില്ല. ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണ പ്രകിയയിലെ വീഴ്ചയാണ്. ടി അപാകതകൾ ഒഴിവാക്കി ഏറ്റെടുക്കുന്ന റോഡ് പൂർണ്ണമായും മെച്ചപ്പെടുത്തുന്ന രീതിയിൽ ഫണ്ട് വകയിരുത്തൽ നടത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

1-15 തരിശ് നെൽകൃഷി സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രോജക്റ്റ് നം - 240

ആകെ പദ്ധതി അടങ്കൽ – 5,80,000/-രൂപ

ചെലവ് - 1,60,000/-രൂപ

വികസനഫണ്ട് ചെലവ് – 80,000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് ചെലവ് – 80,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

ബിൽ നം-46/21 തുക- 27,600/-തീയതി-27/3/21

ബിൽ നം-53/21 തുക- 26,384/-തീയതി-30/3/21

ബിൽ നം-12/21 തീയതി- 44,016/-തീയതി-19/11/21

ബിൽ നം-16/21 തീയതി-52,400/-തീയതി-8/1/21

ബിൽ നം-20/21 തീയതി- 9,600/-തീയതി-8/1/21

2020-21 വർഷം വെട്ടിക്കവല ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിൽ ഒന്നായ തരിശ് നെൽകൃഷി, 1009/2020/ത.സ്വ.ഭ.വ തീയതി.29/5/20 പ്രകാരം പ്രതിപാദിക്കുന്ന താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ അവലംബിച്ചിട്ടില്ല.

1. മൂന്ന് വർഷത്തിലധികമായി കാർഷികപ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടത്. കൃഷിചെയ്യുന്ന സ്ഥലം തരിശ് ഭൂമിയാണെന്ന് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമല്ല.

2. കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം രണ്ട് തവണകളായിട്ടാണ് നൽകേണ്ടത്. ആദ്യതവണ നടീൽ നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനക്ക് ശേഷവുമാണ് ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടത്.

എന്നാൽ ടി പ്രോജക്ടിൽ കർഷകർക്കുള്ള ആനുകൂല്യം ഒറ്റത്തവണയായി നൽകിയിരിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ സൂക്ഷിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 7/17.02.22

1-16 ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം – 246

2020-21 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതി (ജനറൽ) എന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | പേര് | നാളിതുവരെ കൈപ്പറ്റിയ തുക (രൂപ) | ചെക്ക് നം., തീയതി |
|---|---|---|---|
| 1 | ചെല്ലമ്മ, നിരപ്പിൽതെക്കതിൽ, പുത്തൻവീട് | 2,00,000/- | 549545/28.01.21 |
| 2 | ഉഷാകുമാരി, ഹരിവിലാസം | 3,00,000/- | 549545/28.01.21 |
| 3 | ബിനു.ഡി, സുജാതാമന്ദിരം | 3,50,000/- | 549545/28.01.21 |
| 4 | ശിവരാമൻ നായർ, പ്രസാദ് ഭവനം | 3,00,000/- | 549547/20.03.21 |
| 5 | മിനിമോൾ.ജി, അശ്വതിഭവൻ | 2,00,000/- | 549547/20.03.21 |
| 6 | ബിന്ദുരാജ്, ബിന്ദുഭവനം | 3,50,000/- | 549546/24.02.21 |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ച് തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 19/19.02.22

1-17 തുക മുൻകൂർ അടച്ചിട്ടും നാളിതുവരെയും ലാപ്ടോപ്പ് ലഭ്യമായില്ല.

| പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | ചെലവ് തുക(രൂപ) |
|---|---|---|
| പി.എച്ച്.സി. ലാപ്ടോപ്പ്, പ്രൊജക്റ്റർ സ്ക്രീൻ എന്നിവ വാങ്ങൽ So13/21 | മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് - 1,00,000/- | മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്- 67,754/- |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടത്തിയ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷന് 28,404/-രൂപ (ബിൽ നം-17/21.03.21) ലാപ്ടോപ്പ് വാങ്ങുന്നതിനായി മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ലാപ്ടോപ്പ് ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 28,404/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലാപ്ടോപ്പ് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പ് ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 10/18.02.2022

## 1-18 ഒരേ തൊഴിലാളിക്ക് ഒരേ ദിവസം രണ്ട് വേതനം.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കാലിതൊഴുത്ത്, ആട്ടിൻ കൂട് തുടങ്ങിയ അവിദഗ്ധ - വിദഗ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തിയത്, മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് തരത്തിലുള്ള പ്രവൃത്തികൾ ചെയ്തതിന്റെ വേതനവും കൈമാറിയിട്ടുള്ളത്. വിദഗ്ധ തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 1,84,380/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിദഗ്ധ തൊഴിലാളി വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ ആരുംതന്നെ പഞ്ചായത്തിലെ തൊഴിലാളിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി വിഭാഗം തൊഴിലാളി വേതനം അവിദഗ്ധ തൊഴിലാളിക്ക് നൽകിയ തുകയാണ് നിരാകരിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് കോഡ് | റ്റി.എസ്സ് നം. തുക | പ്രവർത്തിയുടെ എംബുക്ക് നമ്പർ | ഗുണഭോക്താവിന്റെ പേര് | അവിദഗ്ധ മസ്റ്ററോൾ നമ്പർ തീയതി | അവിദഗ്ധ തൊഴിൽ വേതനം | എഫ്. റ്റി.ഒ നമ്പർ തീയതി | വിദഗ്ധ മസ്റ്ററോൾ നമ്പർ തീയതി | വിദഗ്ധ തൊഴിൽ വേതനം | എഫ്. റ്റി.ഒ നമ്പർ തീയതി |
|---|---|---|---|---|---|---|---|---|---|---|
| 1 | ആട്ടിൻകൂട് നിർമ്മാണം ( lf/540110) | 572/13.2.2021 Rs 52822 | 572/20+D3: G1620-21 | ചന്ദ്രിക 19/267 | 38090/ 8.3.2021 To 14.3.2021 | 2037/- | 908166/ 22.3.2021 | 38091/ 8.3.2021 To 14.3.2021 | 5600/- | 921647/ 24.3.2021 |
| | | | | | 39492 18.3.2021 To 24.3.2021 | 873/- | 958160/ 29.3.2021 | 39493/ 18.3.2021 To 24.03.2021 | 2400/- | 943180/ 27.3.2021 |
| 2 | ആട്ടിൻകൂട് നിർമ്മാണം (lf/468968) | 1/24.4.2020 Rs 52088 | 1/2021 Rs45000/- | അംബിക 7/63 | 516/ 12.5.2020 To 18.5.2020 | 2037/- | 54277 20.5.2020 | 517 / 12.5.2020 To 18.5.2020 | 4750/- | 52611/ 20.5.2020 |
| 3 | കോഴിക്കൂട് നിർമ്മാണം (lf/488013) | 221/63333 5.8.2020 | 221/5.8.2020 Rs 63333/ | ലിസ്സി 5/29 | 11546 4.9.2020 To 10.9.2020 | 2037/- | 452427/ 3.11.2020 | 11552 / 4.9.2020 To 10.9.2020 | 5600/- | 365662/ 15.10.2020 |
| 4 | കോഴിക്കൂട് നിർമ്മാണം (lf/495012) | 220/5.8.2020 Rs 61016 | 3/rs .48045/- | അമ്മിണിക്കുട്ടി 3/12 | 11559. 4.9.2020 To 10.9.2020 | 2037/- | 292896/17.9.2020 | 11565/ 4.9.2020 To 10.9.2020 | 5600/- | 447137/ 11.11.2020 |
| | | | | | 11823/ 11.9.2020 To 17.9.2020 | 873/- | 559434 23.12.2020 | 11824, 11.9.2020 To 17.9.2020 | 2400/- | 447137/ 11.11.2020 |
| 5 | കോഴിക്കൂട് നിർമ്മാണം (lf/494728) | 243/21.8.2020 | 243/ Rs57888 | വിൽസമ്മ 17/47 | 11774/ 7.9.2020 To 13.9.2020 | 1485/- | 290847/16.9.2020 | 11775/ 7.9.2020 To 13.9.2020 | 4250/- | 317017/ 27.9.2020 |
| | | | | | 114311/ 21.9.2020 To 27.9.2020 | 2037/- | 326601/ 30.9.2020 | 14313/ 21.9.2020 To 27.9.2020 | 3000/- | 317017/ 27.9.2020 |
| 6 | കാലിതൊഴുത്ത് നിർമ്മാണം (lf/506362) | 530/21.2.2021 Rs 111395 | 530/2021 Rs 80356 | സുരേഷ് ബാബു 17/19 | 35837/ 18.2.2021 To 24.2.2021 | 1655/- | 788722/27.2.2021 | 35838/ 18.2.2021 To 27.2.21 | 5950/- | 832813/ 8.3.2021 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 7 | കാലിതൊഴുത്ത് നിർമ്മാണം (If/439443) | 386/ 19-20 Rs 124562/8.1.2020 | 386/ 2021 Rs 84677 | സുമംഗലകുമാരി 21/530 | 28277/ 30.1.2020 To 5.2.2020 | 1897/- | 561437/ 10.2.2020 | 29302/ 30.1.2020 To 5.2.2020 | 5600/- | 632182/ 7.3.2021 |
| 8 | കാലിതൊഴുത്ത് നിർമ്മാണം (If/505007) | 559/19 RS 68628/12.2.2021 | 559/2020-21/ 55119 | ഷിജുമോൻ 17/219 | 35845/ 18.2.2021 To 24.2.2021 | 2037/- | 788726/27.2.2021 | 35846/ 18.2.2021 To 24.2.2021 | 5980/- | 83282/ 8.3.2020 |
| | | | | | 38106/ 8.3.2021 To 14.3.2021 | 2037/- | 908107/22.3.2021 | 38107/ 8.3.2021 To 19.3. 2021 | 3400/- | 921444/ 24.3.2021 |
